**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2574** **09.05.2017 ൽ മറുപടിയ്ക്ക്**

# വി എഫ് പി സി കെ നേതൃത്വത്തിൽ നടത്തി വരുന്ന ജൈവ കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.എൻ. വിജയൻ പിള്ള<br>ശ്രീ.ബി.സത്യൻ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ നേതൃത്വത്തിൽ നടത്തി വരുന്ന ജൈവ കൃഷിയുടെ വിശദാംശങ്ങൾ ലഭ്യമാക്കമോ; | എ) കൗൺസിലിന് കീഴിൽ സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നൽകുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് കൃഷിയിടങ്ങളെ ജൈവകൃഷിയിടങ്ങളായി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന PGS (Participatory Guarantee System) നടപ്പിലാക്കി വരുന്നു. കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി ജൈവ കൃഷിയോടു താല്പര്യമുള്ള കർഷകരുടെ 213 ലോക്കൽ ഗ്രൂപ്പുകൾ രൂപീകരിച്ച് ജൈവ കൃഷി നടപ്പിലാക്കി വരുന്നു. കർഷകർക്ക് ജൈവ സർട്ടിഫിക്കേഷനും ജൈവ പച്ചക്കറി ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള പ്രൊഡക്ഷൻ സബ്സിഡിക്കുമായി 70 ലക്ഷം രൂപയുടെ വിവിധ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. രാസവളങ്ങളുടേയും കീടനാശിനികളുടേയും അനിയന്ത്രിതമായ ഉപയോഗം മൂലം ഉണ്ടാകുന്ന ദൂഷ്യ ഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ കാമ്പെയിനുകളും പരിശീലന ക്ലാസ്സുകളും സംഘടിപ്പിച്ചു വരുന്നു. വീടുകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 30,535 ഗ്രോബാഗുകൾ വിതരണം ചെയ്തിട്ടുണ്ട്. കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ വഴി ജൈവവളങ്ങളും ജൈവ വളർച്ചാത്വരകങ്ങളും ജൈവ കീടനാശിനികളും കർഷകർക്ക് വിതരണം ചെയ്തു വരുന്നു. |

ബി) വരും വർഷങ്ങളിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും ഉത്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് വരുന്നത്;

ബി) വരും വർഷങ്ങളിൽ 2000 ഹെക്ടർ സ്ഥലത്തേയ്ക്ക് ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് 310 ലോക്കൽ ഗ്രൂപ്പുകൾ പി.ജി.എസ്. ന് കീഴിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്

കർഷകർക്ക് ജൈവ സർട്ടിഫിക്കേഷനും ജൈവ പച്ചക്കറി ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള പ്രൊഡക്ഷൻ സബ്സിഡിക്കുമായി 70 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കൂടാതെ ഗ്രോബാഗ് പദ്ധതി, ഹരിത നഗരി പദ്ധതികൾ വഴിയും ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിച്ച് വരുന്നു. പി.ജി.എസ് സർട്ടിഫിക്കേഷൻ ലഭിക്കുന്ന ഉല്പന്നങ്ങളുടെ സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിങ് ലാബിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നു.

സി) കൃഷിയിടങ്ങളിൽത്തന്നെ ജൈവവളങ്ങളും ജൈവകീടനാശിനികളും ഉത്പാദിപ്പിക്കുന്നതിനാവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

സി) കൃഷിയിടങ്ങളിൽത്തന്നെ ജൈവവളങ്ങൾ/ ജൈവകീടനാശിനികൾ എന്നിവ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ മണ്ണിര കമ്പോസ്റ്റ്, ഇ എം കമ്പോസ്റ്റ്, NCOF കമ്പോസ്റ്റ് എന്നിവ വി.എഫ്.പി.സി.കെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കർഷകരെക്കൊണ്ട് ഉല്പാദിപ്പിച്ച് വരുന്നു.

S.

**സെക്ഷൻ ഓഫീസർ**